ഉത്തരം

(എ)&(ജി) അദാലത്ത് നടത്തിയിട്ടില്ല. എന്നാൽ കായംകുളം കെ.എ സ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി 2000 ജനുവരി 19-ാം തീയതി ഒരു മീറ്റിംഗ് മുൻ ഗതാഗത വകുപ്പുമന്ത്രി നട ത്തുകയുണ്ടായി. ഈ മീറ്റിംഗിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരെ കൂടാതെ താഴെ പറയുന്നവരെ കൂടി സർക്കാർ ക്ഷണിക്കുകയുണ്ടായി. ശ്രീ. ജി. സുധാകരൻ, എം.എൽ.എ, കായംകുളം മുനിസിപ്പൽ ചെയർമാൻ ശ്രീ. സെയ്ദ് പി. ഹാരിസ്, പ്രൊഫസർ ജി. നാരായണൻകുട്ടി.

115 (370) വനാന്തരഭാഗത്ത് കഞ്ചാവു കൃഷി, വേട്ട, ചാരായം വാറ്റ്

ശ്രീ. എ.കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വനാന്തർ ഭാഗത്ത് നടത്തുന്ന കഞ്ചാവുകൃഷി, വേട്ട, ചാരായം വാറ്റ് എന്നിവ തടയുവാൻ എന്തെല്ലാം സംവിധാനമാണ് ഉള്ളതെന്ന് വെളിപ്പെ ടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എവിടെനി ന്നെല്ലാം കഞ്ചാവുകൃഷി നശിപ്പിച്ചിട്ടുണ്ട്.

(സി) എവിടെനിന്നെല്ലാം ആനകളുടെ ജഡം കണ്ടെത്തിയിട്ടുണ്ട്; എത്രയെണ്ണം;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ഫോറസ്റ്റ് ഡിവിഷനിൽ വനത്തി നുള്ളിൽ കഞ്ചാവു കൃഷിയും ചാരായവാറ്റും വേട്ടയാടലും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വനത്തിനുള്ളിലെ ഇത്തരത്തിലുള്ള സാമൂഹ്യവിരുദ്ധനടപടി കൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഞ്ചാവ് കൃഷി നടക്കാനിടയുള്ള പ്രദേശങ്ങൾ വനസംരക്ഷണ വിഭാഗത്തിന്റെയും പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും ഫ്ളയിംഗ് സ്കാഡിന്റെയും നിതാന്ത ജാഗ്രതയിലും നീരീക്ഷണത്തിലുമാണ്. ഇത്തരം സ്ഥലങ്ങളിൽ രഹസ്യ റെയിഡും മിന്നൽ പരിശോധനയും നടത്തുകയും അതിനുവേണ്ട ആയുധങ്ങൾ, വാഹനങ്ങൾ, വയർലെസ് സെറ്റുകൾ എന്നിവ നൽകിയിട്ടു മുണ്ട്. അതിർത്തിപ്രദേശങ്ങളിൽ അയൽ സംസ്ഥാനത്തെ വനസംരക്ഷണവി ഭാഗത്തിന്റെ സഹായത്തോടെ സംയുക്തമായ പട്രോളിംഗ് നടത്തുന്നുണ്ട്. പട്രോളിംഗ് നടത്തിയും രഹസ്യവിവരം ശേഖരിച്ചും ചാരായ വാറ്റ് കണ്ടുപി ടിച്ച് നശിപ്പിക്കാറുണ്ട്. ഇതിനുവേണ്ടി പോലീസിന്റെയും എക്സൈസിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. വനനിയമം, വന്യജീവി സംരക്ഷണ നിയമം എന്നിവ കർശനമായി നടപ്പിലാക്കിയിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ട്. കുറ്റകൃത്യങ്ങളെപ്പറ്റി വിവരം നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്.
1121/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലമ്പൂർ നോർത്ത് ഡിവിഷനിൽ, പുഞ്ചകൊല്ലി മലവാരം, തോട്ടപ്പള്ളി മലവാരം, മണ്ണാർകാട് ഡിവിഷനിൽ, വരട്ടിമല,അഗളി റെയ്ഞ്ചിൽ വരടി മലഭാഗം, മൂന്നാർ ഡിവിഷനിൽ ഇടമലകുടി, മുളകുതറ പ്ലാമല, കീപാറ മാങ്കുളം ഡിവിഷനിൽ ഉരുളുകുത്തി, പാർവതിമേട്, പാമ്പാട്ടുപാറ, പാറകെട്ടി, പാണ്ഡ്യൻകുടി, മങ്ങാപ്പാറ, ചിന്നൻകുത്ത്, ഊന്നിമല എന്നീ പ്രദേശങ്ങളിലും കോന്നി ഡിവിഷനിൽ കോടമലഭാഗം, കുടമുരടി ആറിന്റെ ഉത്ഭവസ്ഥലം തേക്കടി ഡിവിഷനിൽ താന്നിക്കുടി, മേമലഭാഗം, മുല്ലക്കുടി, കോഴിമുട്ടി കടവ്, വട്ടപ്പാറ, ചിന്നക്കോട്ട, കോഴിക്കാനം എന്നീ പ്രദേശങ്ങളിൽനിന്നും ചിന്നാർ വന്യജീവി സങ്കേതത്തിൽപ്പെട്ടിട്ടുള്ള വയൽഭാഗത്തുനിന്നും തേക്കടി, വള്ളക്കടവ് റെയിഞ്ചിൽനിന്നും കഞ്ചാവുകൃഷി കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഉണ്ട്.

(ഇ) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**116 (377) വനംകൊള്ള സംബന്ധിച്ച കേസുകൾ**

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായ തോതിൽ വനംകൊള്ള നടക്കുന്നവിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് വനംകൊള്ള നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വനംകൊള്ളയിൽ പുരുഷൻമാരോടൊപ്പം സ്ത്രീകളും പങ്കെടുക്കുന്നുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഗവൺമെന്റ് വന്നശേഷം വനംകൊള്ള സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) വനംകൊള്ള തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ)&(ബി)സംസ്ഥാനത്ത് വ്യാപകമായ തോതിൽ വനംകൊള്ള നടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഒറ്റപ്പെട്ട സംഭവങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) 8879 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) വനംകൊള്ള തടയുന്നതിനായി വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക, ഫോറസ്റ്റ് സ്റ്റേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക, വനം കേസ്സുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കുക, വനസംരക്ഷണസേനയ്ക്ക് കൂടുതൽ ആയുധങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും നൽകുക എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. (ചോദ്യത്തരങ്ങൾ കഴിഞ്ഞു)

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 3. | Consultancy on Fire Protection | M/s. A.H. Moosvi, Proforest Consultancy, C/o. Syed Mansoor Ahammed, FCA, Syed & Syed, 6-2-46, Ist Floor, AC Guards, Hyderabad. |
| 4. | Consultancy on Forest Planting Site Preparation | H. Rajagopal Shetty, 6, 2nd Floor, Sameera Complex, 1st Main Seshadripuram, Bangalore. |
| 5. | Consultancy on Seed Origin | Dr. S. Chand Basha, B-503, Kanchanganga Apartments, Palarivattom, Cochin. |
| 6. | Consultancy on Sector Management | Institute of Management in Govt, Vikas Bhavan, Tvpm. |
| 7. | Consultancy on Soil and Water Conservation | M/s. CWRDM, P.B.No. 2, Kunnumangalam, Kozhikkode. |
| 8. | Consultancy on developing training objectives and syllabi | Tamil Nadu Agricultural University Forestry Environmental Block, Mettupalayam, Coimbatore. |
| 9. | Consultancy on Survey and establishment of monitoring system for degrade forests in Kerala | KFRI, Peechi, Thrissur |
| 10. | Productivity of Teak and Eucalyptus Plantations | KFRI, Peechi, Thrissur |
| 11. | Consultancy on Computerised Project Financial Management System | M/s. RITES, 27, Barakhamba Road New Delhi House, New Delhi. |
| 12. | Consultancy on Forest Management Information System | M/s. RITES, 27, Barakhamba Road New Delhi House, New Delhi. |
| 13. | Consultancy on Procurement Agent | M/s. KITCO Ltd., P.B.No.1820, Ravipuram, MG.Road, Cochin |
| 14. | Consultancy on Sector Institutional Study to enhance KFD Capacity | M/s. Centre for Organisation Development (COD), P.O.Madhavpur Jubilee Hills, Hyderabad |
| 15. | Consultancy on Nursery Establishment | M/s. WIMCO Seedlings Ltd, R&D Station, Kashipur Road, Rudrapur. |

## അനുബന്ധം VII

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 115 (370) കാണുക]

| | | | |
|---|---|---|---|
| 1. | തുണ്ടത്തിൽ | – | ആന (ആൺ) 2 |
| 2. | കുന്നംപുഴ | – | ആന (പെൺ) 4 |
| 3. | തോൽപ്പെട്ടി | – | ആനക്കുട്ടി (ആൺ) 1 |
| 4. | കുളത്തുപ്പുഴ | – | ആന (പെൺ) 2 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 5. | നേരിയമംഗലം | - | ആന (പെൺ) 1 |
| 6. | കോന്നി | - | ആന (ആൺ) 1 |
| 7. | നിലമ്പൂർ | - | ആന (ആൺ) 2 |
| | | - | ആന (പെൺ) 1 |
| 8. | നിലമ്പൂർ നോർത്ത് | - | ആന (പെൺ) 1 |
| 9. | മുത്തങ്ങ | - | ആന (പെൺ) 1 |
| 10. | മുത്തങ്ങ | - | ആനക്കുട്ടി (പെൺ) 1 |
| 11. | കുറിച്ചിയാർഡ് | - | ആനക്കുട്ടി (ആൺ) 1 |
| 12. | വയനാട് | - | ആന (പെൺ) 1 |
| 13. | മൂന്നാർ | - | ആന (പെൺ) 2 |
| 14. | വാളയാർ | - | ആന (ആൺ) 1 |
| | | | ആന (പെൺ) 1 |
| 15. | മലയാറ്റൂർ | - | ആന (പെൺ) 1 |
| 16. | ചെമയത്ത് | - | ആന (പെൺ) 1 |
| 17. | കാളിക്കാവ് | - | ആനക്കുട്ടി (ആൺ) 1 |
| 18. | നെല്ലിയാംപതി | - | ആന (പെൺ) 1 |
| 19. | ദേവികുളം | - | ആനക്കുട്ടി (പെൺ) 1 |
| | | | ആകെ 28 |

LIBRARY ARCHIVES Kerala Legislative Assembly